
# ലിറ്റിൽ വിങ്സ്




**ജി എച്ച് എസ് എസ് ഉപ്പിലിക്കൈ 2019-20**

# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റിൽ മാഗസിൻ 2019-20





## ജി .എച്ച്.എസ്.എസ് ഉപ്പിലിക്കൈ



# സന്ദേശം

2019-20 അധ്യായന വർഷത്തെ ലിറ്റിൽ കൈറ്റ്സിന്റെ പ്രത്യേക പരിശീലന പരിപാടിയുടെ ഭാഗമായ ഡിജിറ്റൽ മാഗസീൻ പ്രസിദ്ധീകരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് വിവരവിനിമയ സാങ്കേതിക രംഗത്തെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉള്ള അവസരമാണിത്. ഡിജിറ്റൽ മാഗസീനിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മിസ്ട്രസ്

ശ്യാമളഎം

# സന്ദേശം



കുട്ടികളുടെ ശാസ്ത്ര സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് സർക്കാർ നടപ്പിലാക്കി വരുന്ന "ലിറ്റിൽ കൈറ്റ്സിന്റെ" പ്രവർത്തനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന"ഡിജിറ്റൽ മാഗസീനി"ന് എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളുടെ ശാസ്ത്ര സാങ്കേതിക അഭിരുചി വളർത്താൻ ഇത്തരം പ്രവർത്തനങ്ങൾ ഉപകരിക്കുമാറാകട്ടെ.

എന്ന്

പി.വി മോഹനൻ (പി.ടി.എ പ്രസിഡന്റ്)

# എഡിറ്റോറിയൽ അംഗങ്ങൾ

ഫാത്തിമത്ത്ഫമിദ

ആർദ്ര

ആദിത്യൻ

മഹീന്ദ്രൻ

അഭിനവ്

ശ്രീധരൻ

ഋഷികേശ്

സനേഷ്

ആയ്ഷത്തുൽ ഫർഹാന

നന്ദന

# ഉള്ളടക്കം

ബാല്യവും കൂട്ടരും ..... 7
ബട്ടർഫ്ലൈ ..... 8
ചിത്രം ..... 9
ഗോപാലകൃഷ്ണ ഗൊഖലെ ..... 10
ഝാൻസി റാണി ..... 11
പ്രകൃതി ..... 2
മലയും മരവും ..... 13
ജവഹർലാൽ നെഹ്റു ..... 14
കണ്ണാടി ..... 15
കൃഷിചൊല്ലുകൾ ..... 16- 17
കുഞ്ഞി പൂച്ച ..... 18
ചിത്രം ..... 19
വിരൽ ചിത്രം ..... 20
കുപ്പായം ..... 21
അത്തം പത്ത് ..... 22
പച്ച തത്ത... 23
ചിത്രം ..... 24
ഓണം ..... 25
ഐതിഹ്യം ..... 26
ബേപ്പൂർ സുൽത്താൻ ..... 27
ഓണപാട്ടുകൾ ..... 28
ഓണചൊല്ലുകൽ ..... 29
ആനയും കുഞ്ഞി ..... 30
ഞാറ്റുവേല ചൊല്ലുകൾ ..... 31
തര്ക്കം തീർന്നു ..... 32
എന്റെ നാട് ..... 33
മുയൽകുട്ടൻമാർ ..... 34
കേരളം ..... 35
കടംങ്കഥ ..... 36
നെൽകതിർ ..... 37
പയമ ..... 38
പൂബാറ്റ ..... 39
പറവ ..... 40
കൃഷി പഴഞ്ചൊല്ലുകൾ ..... 41
പിറന്നാൾ സമ്മാനം ..... 42
പുത്തനോണപ്പാട്ട് ..... 43
പ്രാദേശിക ഭാഷ ..... 44
മൂങ്ങ വന്നു ..... 45
ചിത്രശലഭം ..... 46
പൂച്ച ..... 47
കർണൻ- ആസ്വാദനം ..... 48
ചിത്രം ..... 49

# ബാലുവും കൂട്ടുകാരും

ഒരിടത്തൊരിടത്ത് ഒരു കാട്ടിൽ ഗർജൻ ദുഷ്ടൻ സിംഹം താമസിച്ചിരുന്നു.എല്ലാവരെയും ഉപദ്രവിക്കുന്നവനായിരുന്നു ഗർജൻ.അതേ കാട്ടിലായിരുന്നു ബാലു എന്ന കരടിയുടെയും താമസം.ബാലു ഒരു പാവത്താനായിരുന്നു.

ഒരു  ദിവസം ബാലു തേനെടുക്കാൻ മരത്തിൽ കയറി.അപ്പോഴതാ വരുന്നു ഗർജൻ."ഗർർ...ഇറങ്ങെടാ താഴെ...!"ഗർജൻ അലറി.പേടിച്ചു പോയ ബാലു ഇറങ്ങിയോടി.ഇതുകണ്ട ഗർജൻ പൊട്ടിച്ചിരിച്ചു.

ബാലുവിന്റെ കൂട്ടുകാരായ തേനീച്ചകൾ ഇതെല്ലാം കാണുന്നുണ്ടായിരുന്നു.അവർ പാഞ്ഞുവന്ന് ഗർജന് നല്ല കുത്തുകൊടുത്തു.പേടിച്ചുപോയ ഗർജൻ ജീവനും കൊണ്ടോടി.

**DEVIKA RAJ M**

# BUTTER FLY,BUTTER FLY



*Butter fly butter fly*
*Fly in the sky*
*Butter fly,Butter fly*
*Flies so high*
*Butter fly,Butter fly*
*Land on my thigh*
*Butter fly,Butter fly*
*Motion lessly lies*

# <u>പ്രകൃതി</u>





## *GOPALA KRISHNA GOKHALE*

*A great indiya freedom fighter bron on may 9,1866, in rathagiri maha rashtra and died in 1915. A grate intellectul who was usnally considered the most leader man in indiya in his time. A leader of social and political reformists.*

***abhinav.mp***

# Jansi rani

*The rani of jhansi occupice a very prominent place in the histori of india,s stuggle for independence.she shot to fame through her contri but ion in india's first stuggle for freedom. The british annexed the kingdom of jansi on the ground that the kingdom didn't have an heir.annoyed lakshmi bailed a battile aginst the british army stationed in jansi and won back her husbannd's kingdom.she died a martye fighting the british on june 18 1858.*

Abhinav.Mp


Neelambary

# മലയും മരവും




## അഭിനവ് ചന്ദ്രൻ

# *Jawahar Lal Nehru*

*The first prime minister of independent india, Pandit Jawaharlal Nehru was born on november 14, 1889 in Allahabad . He did his MA at the Trinity college in cambridge and got his barrister degree from the inner temple in london. While practising as a lawyer at the allahabad high court, he entered politics and became a member of the congress party. He got in touch with Mahatma Gandhi and worked with him in the freedom moment. An active participent of the Non-cooperation movement, Nehru was in 1923, elected general secretary of the INC. He was also president of the INC five times. In 1947, when India gained freedom Nehru became the first prime minister. He passed away on may 27,1964.*

*Abhinav . M P*

# കണ്ണാടി

*കുട്ടന് ഉണ്ടൊരു കണ്ണാടി*
*കൂട്ടിന്നു നല്ലൊരുചെങ്ങാതി*
*ചുമരിൽ തൂങ്ങും ചങ്ങാതി*
*മുഖം മിനുക്കാൻ ചങ്ങാതി*
*മിടു മിടുക്കൻ  ചങ്ങാതി*

ആരാധ്യ ജെ .കെ
*2 b*

# കൃഷിച്ചൊല്ലുകൾ.

1) അച്ഛൻ വീട്ടിലുമില്ല പത്തായത്തിലുമില്ല.

2) അച്ഛൻ അരി കുറച്ചാൽ അമ്മ അത്താഴം കുറയ്ക്കും.

3) അത്താഴം അത്തിപ്പഴത്തിനോളം

.

4) അത്താഴം മുടക്കാൻ നീർക്കാലി മതി

.

5) അത്താഴത്തിനന്തരം ആലോചനയരുത്.

6) അത്തിപ്പഴം പഴുക്കുമ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ്

.

7) അരിവിതച്ചാൽ നെല്ലാകുമോ?.

8) അന്നവിചാരം പിന്നവിചാരം മുന്നവിചാരം കാര്യവിചാരം.

9) വിളയുന്ന വിത്ത് മുളയിലേ അറിയാം.

10) വിത്തുഗുണം പത്തുഗുണം.

11) കർക്കിടകച്ചേന കട്ടിട്ടെങ്കിലും തിന്നണം.

12) കണ്ടം വിറ്റ് കാളയെ വാങ്ങുമോ?.

*13) വളമെറിയാൻ കുമ്പടങ്ങളും.*

# കുഞ്ഞി പൂച്ച

*കൊച്ചു പൂച്ച കുഞ്ഞിനോരു*
*കോച്ചമളി പറ്റി*
*കാച്ചി വച്ച ചൂടു പാലിൽ*
*ഓടിച്ചെന്നു നക്കി*
*കുഞ്ഞു നാവു പോള്ളിയപ്പോൾ*
*കുഞ്ഞി പൂച്ച കേണു*
*ഞ്യാവൂ ഞ്യാവൂ ഞ്യാവൂ....*

**ദേവിക രാജ്**



# അഭിനന്ദ്

# 8 A


വിരൽ ചിത്രങ്ങൾ
എലി
പൂമ്പാറ്റ
മഞ്ഞക്കിളി

# കുപ്പായം

തെങ്ങിൻമുകളിൽ കയറുമ്പോൾ
തവിട്ടുനിറത്തിൽ കുപ്പായം
ചെമ്പകമലരിലിരിക്കുമ്പോൾ
ചെമ്പട്ടാകും കുപ്പായം
പച്ചപ്പുല്ലിലൊളിക്കുമ്പോൾ
ഹരിതനിറത്തിൽ കുപ്പായം
ഒന്നോന്നായി വേഷം മാറ്റാൻ
ഉടലിനു ചേർന്നൊരു കുപ്പായം
ആരിതു തന്നു ഓന്തണ്ണാ
മായാജാലക്കുപ്പായം!

DEVIKA

# അത്തം പത്ത്

തിരുവോണദിനമാണിത്. അത്തത്തിന്റെ പത്താംനാൾ വലിയോലകുടവട്ടം വലുപ്പത്തിൽ പൂക്കളമിടുന്നു. മുമ്പിലായി നിരത്തിയ നാക്കിലയിൽ പത്തിന്റെ പൂരമാണ്! പത്ത് പൂക്കൾ അഥവാ ദശപുഷ്പങ്ങൾ (മുക്കുറ്റി,തിരുതാളി,വള്ളിയുഴിഞ്ഞ വിഷ്ണു ക്രാന്തി,ചെറുള,കയ്യൂന്നി,നിലപ്പന,കറുക,മുയൽ ചെവിയൻ,പൂവാങ്കുറുന്നൽ) പത്തിലകൾ (തഴുതാമ,ചക്രത്തക്കര,മണിത്തക്കാളി,പറയില,മഞ്ഞനില, *അഞ്ചിലച്ചി,ഉപ്പുഞ്ഞല്,ചേമ്പില,മുള്ളൻ ചീരയില,കുടങ്ങൽ) പത്തുനെൻമണി,പത്തുതേങ്ങ,പത്തുവാഴപ്പഴം,പത്ത്എള്ള്,പത്ത്അരിമണി,പത്തുപ്പേരി,പത്തുപണം,പത്തുനൂല് എന്നിവ നിരത്തുന്നു. ആയുരോഗ്യ സമ്പത്ത് സമൃദ്ധിയാണിവസൂചിപ്പിക്കുന്നത്.*

*അഭിനവ് കെ*

# പച്ച തത്ത



ഡിജിറ്റൽ മാഗസിൻ




ആവണി

# <u>ഇരുപത്തെട്ടാമോണം</u>

തിരുവോണത്തിന്റെ ഇരുപത്തെട്ടാം നാളിൽ വരുന്ന കണിയോണം ആണത്രേ വാലോണം കർക്കടക ഒണം
തലയോണവും. ഇരുപത്തെട്ടുകൂട്ടം
വിഭവങ്ങളോടുകൂടിയ

**സദ്യ അന്നു നിർബന്ധമാണ്.**

## ഐതിഹ്യം

ഒന്നിലധികം ഐതീഹ്യങ്ങളുള്ള ആഘോഷമാണ് ഓണം. പ്രധാന ഐതീഹ്യം മഹാബലിയുടേത് തന്നെ.അസുര രാജാവും വിഷ്ണു ഭക്തനുമായിരുന്ന പ്രഹ്ലാദന്റെ പേരക്കുട്ടിയായിരുന്നു മഹാബലി.മഹാബലി എന്ന വാക്കിനർത്ഥം'വലിയ ത്യാഗം'ചെയ്യ്തവൻ എന്നാണ് ദേവൻമാരെ പോലും അസൂയപ്പെടുത്തുന്നതായിരുന്നു മഹാബലിയുടെ[മാവേലിയുടെ]ഭരണകാലം അക്കാലത്ത് മനുഷ്യരെല്ലാവരും ഒരുപൊലെയായിരുന്നു.കള്ളവും,ചതിയും പൊളിവചനങ്ങളും ഇല്ലായിരുന്നു.

എങ്ങും എല്ലാവർക്കും സമൃദ്ധിയായിരുന്നു.മഹാബലിയുടെ ഐശ്വര്യത്തിൽ അസൂയാലുക്കളായ ദേവൻനാർ മഹാവിഷ്ണുവിന്റെ സഹായം തേടി മഹാബലി'വിശ്വജിത്ത്''എന്ന യാഗം ചെയ്യവെ വാമനനായി അവതാരമെടുത്ത മഹാവിഷ്ണു ഭിക്ഷയായി മൂന്നടി മണ്ണ് ആവശ്യപ്പെട്ടു.ചതി മനസ്സിലാക്കിയ അസുരഗുരു ശുക്രഗുരു ശുക്രാചാര്യരുടെ വിലക്ക് വകവയ്ക്കാതെ മഹാബലി മൂന്നടി മണ്ണ് അളന്നെടുക്കാൻ വാമനന് അനുവാദം നൽകി. ആകാശം മുട്ടെ വളർന്ന വാമനന് തന്റെ കാൽപ്പാദം അളവുകോലാക്കി.ആദ്യത്തെ രണ്ടടിക്ക് തന്നെ സ്വർഗ്ഗവും ഭൂമിയും പാതാളവും അളന്നെടുത്തു.മൂന്നാമത്തെ അടിക്കായി സ്ഥലമില്ലാതെ വന്നപ്പോൾ മഹാബലി തന്റെ ശിരസ് കാണിച്ചുകൊടുത്തു.വാമനൻ തന്റെ പാദസ്പർശത്താൽ മഹാബലിയെ അഹങ്കാരത്തിൽ നിന്ന് മോചിതനാക്കി.

ABHINAV.MP

# ബേപ്പൂർ സുൽത്താൻ




ഡിജിറ്റൽ മാഗസിൻ


# ഓണപ്പാട്ടുകൾ


പൂവിളി  പൂവിളി പൊന്നോണമായി
നീ വരു നീ വരു പൊന്നോണത്തുമ്പി
ഈ പൂവിളിലിൽ ഭഗ്യം പൊന്നിൻ
മുത്തായ് മാറും പൂവയലിൽ
നീ വരൂ ഭാഗം വാങ്ങാന്
പൂവിളി പൂവിളി പൊന്നോണമായി
നീ വരൂ നീവന്നു പൊന്നോണത്തുമ്പി

പാർവണ പ്രമോദ്

3.B







# ഓണച്ചൊല്ല്

1.കാണം വിറ്റും ഓണം ഉണ്ണണം

2. അത്തം പത്തിന് പൊന്നോണം

3.ഓണത്തിനിടയ്ക്ക് പുട്ടു കച്ചവടം

4. ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരന്
കുമ്പിളിൽ തന്നെ കഞ്ഞി.

# ആനയും കുഞ്ഞിക്കിളിയും

ഒരിടത്ത് ഒരുകുഞ്ഞിക്കിളിയും

ആനയും ചങ്ങാതിമാരായിരുന്നു

അവർ ഉറ്റചങ്ങാതിമാരായിരുന്നു

അങ്ങനെയിരിക്കെ ഒരുദിവസം

കുഞ്ഞിക്കിളിയെ

ഒരു പൂച്ചപിടിക്കാൻനോക്കി

ഇതു കണ്ട ആനക്ക് കോപം വന്നു

പൂച്ചയെ തുമ്പിക്കൈ കൊണ്ട് ചുറ്റിയെടുത്ത്

ഏറുവെച്ചു

അതോടെ പൂച്ചയുടെ കഥ കഴിഞ്ഞു.

AKSHAYA

# ഞാറ്റുവേലചൊല്ലുകൾ

ആയില്ല്യത്തിൽ പാകിയാൽ അത്തത്തിൽ പറിച്ചുനടാം
അത്തമുഖത്ത് എള്ളെറിഞ്ഞാൽ ഭരണിമുഖത്ത്എണ്ണ
പൂയത്തിൽ നട്ടാൽ പുഴുക്കേട് കുട്ടം
ചോതി വർഷിച്ചാൽ ചോറിന് പഞ്ഞമില്ല
അത്തവെള്ളം പിത്തവെള്ളം
അശ്വതിയിലിട്ട വിത്തും, അച്ഛൻ വളർത്തിയ മക്കളും,
ഭരണിയിലിട്ട മാങ്ങയും പിഴയ്ക്കില്ല

*Devika k*

ഡിജിറ്റൽ മാഗസിൻ

# തർക്കം തീർന്നു

ചിക്കു മുയലും ചിന്നു മുയലും ചേട്ടനും അനിയനുമാണ്. ഒരു ദിവസം രണ്ടു പേർക്കും കൂടി കുറച്ച് ക്യാരറ്റ് കിട്ടി.

"നമുക്കതിനെ തുല്യമായി പങ്കിടാം."ചിക്കു മുയൽ പറഞ്ഞു. "ശരി ശരി", ചിന്നു മുയൽ സമതിച്ചു. ആകെ എണ്ണി നോക്കിയപ്പോൾ ഒൻപതെണ്ണം. നാലുവീതം പങ്കിട്ടു
കഴിഞ്ഞപ്പോൾ ബാക്കി ഒരെണ്ണം വന്നു. ഒരെണ്ണം ആരെടുക്കും?
"ഈ കാരറ്റു കൂടി എനിക്കു താ ഞാനല്ലെ മൂത്തത്?" ചിക്കു മുയൽ പറഞ്ഞു.
"അത് എനിക്കു വേണം ഞാനല്ലേ ഇളയത്".ചിന്നുവും വിട്ടില്ല. ഒടുവിൽ രണ്ടു പേരും തമ്മിൽ പൊരിഞ്ഞ തർക്കമായി. അപ്പോഴാണ് ലൊട്ടു മുയൽ അതുവഴി വന്നത്.
കാര്യം കേട്ടപ്പോൾ അവൻ പറഞ്ഞു.
"ഞാനണെങ്കിൽ വിശന്നു പൊരിഞ്ഞിരിക്കുകയാ ഇതെനിക്കുതാ". ചിക്കുവും ചിന്നുവും
ആ കാരറ്റ് ലൊട്ടുവിന് കൊടുത്തു. വഴക്കു തീരുകയും ചെയ്തു. ലൊട്ടുവാകട്ടെ രണ്ടു പേർക്കും
നന്ദി പറഞ്ഞു.

nandana.T
*9B*

# എന്റെ നാട്

കാഞ്ഞങ്ങാട് നിന്നും ഏറെയകലെയ ല്ലാതെയായി സ്ഥിതിചെയ്യുന്ന

സുന്ദരമായ ഗ്രാമപ്രദേശം . ഈ നാട് നീലേശ്വരംപുഴയുടെ

ജലസമൃതിമൂലം

എങ്ങും പച്ചപ്പ്നിറഞ്ഞ ഒരു സ്ഥലം . നെൽവയലുകളും

തോടുകളും, കവുങ്ങും

തെങ്ങും നിറഞ്ഞതോപ്പുകളും എവിടെയും കാണാം . നമ്പ്യാർക്കാൽ

അണക്കെട്ടിൽ നിന്നും നോക്കിയാൽ കാണുന്ന കാഴ്ച അതി സുന്ദരമാണ്.

പാടങ്ങളിലും പുഴയോരത്തും തലയുയർത്തി നിൽക്കുന്ന

ആമ്പൽ



ശ്രീനന്ദൻ . വി . വി

## മുയൽകുട്ടന്മാരുടെ പ്രകൃതി സ്നേഹം



കിങ്ങിണിക്കാട്ടിൽ മിട്ടു എന്നും കിട്ടു എന്നും പേരായ രണ്ടുമുയൽ താമിച്ചിരുന്നു .അവർ രണ്ടു പേരും അടുത്ത സുഹൃത്തുക്കളായിരുന്നു .കുറുമ്പുകൾ കാട്ടിയും കളിച്ചും ചിരിച്ചും കിട്ടുവും മിട്ടുവും ജിവിച്ചു പോന്നു ഒരിക്കൽ മിട്ടു കിട്ടുവിനോട് പറഞ്ഞു"കിട്ടു നമുക്ക് ഒന്ന് പട്ടണം കാണാൻ പോകാം"കിട്ടു അതിനോട് യോജിച്ചു. “ങാ, ഇത് ഞാൻ ഒരുപാടു നാളായി ആഗ്രഹിക്കുന്നതായിരുന്നു. പട്ടണ-ത്തിൽ ഒരുപാടു ജനങ്ങളും വലീയ കെട്ടിടങ്ങളും ഒക്കെ ഉണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്. “എന്നാൽ കിട്ടൂ നമ്മൾ ഈ കാട്ടിൽ നിന്നും എങ്ങനെ പോകും?” പെട്ടന്ന് എന്തോ ഒന്നു വിഴുന്ന ശബ്ദം കേട്ടു . അവർ ശബ്ദം കേട്ട ഭാഗത്തെ ഓടി.പെട്ടന്ന് രണ്ടു പേർ വന്നു കോട്ടും സ്യൂട്ടും ഒക്കെയായിരുന്നു അവരുടെ വേഷം .അവർ കിട്ടുവിനെയും മിട്ടുവിനെയും കണ്ടു .അവർ പറഞ്ഞു "നമക്കു ഈ മുയലുകളെ പട്ടണത്തിൽ കൊണ്ടുപോകാം “. അത് കേട്ട് കിട്ടുവും മിട്ടുവും സന്തോഷിച്ചു . അവർ മുയലുകളെ കൂട്ടിലാക്കി വണ്ടിയിൽ വച്ചു എന്നിട്ട് മരങ്ങൾ മുറിച്ചു . ഇതു കണ്ടപ്പോൾ മിട്ടുവിനും കിട്ടുവിനും അപകടം മനസ്സിലായി. ഈ കാട് നശിപ്പിക്കുകയാണ് . അവർ പറഞ്ഞു ഇനി എങ്ങനെ നാം ഇവിടുന്ന് രക്ഷപ്പെടും ?എങ്ങനെ കിങ്ങിണി കാടിനെ സംരക്ഷിക്കും ? മിട്ടു ചോദിച്ചു , അപ്പോഴേക്കും വാഹനം അവരെയും കൊണ്ടു കാട് കടന്നു .അവർക്ക് പട്ടണത്തിൽ എത്തിയാൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കു ,മിട്ടു പറഞ്ഞു .ഒരുപാട് നേരത്തെ നീണ്ട യാത്രക്ക് ശേഷം അവർ പട്ടണത്തിൽ എത്തി. ചുറ്റിലും മരങ്ങൾക്ക് പകരം പടുകൂറ്റൻ കെട്ടിടങ്ങൾ തമ്മിൽ അറിയാതെ സംസാരിക്കുന്നു .റോഡിൽ വാഹനങ്ങൾ തിങ്ങിനിറഞ്ഞിരുന്നു റോഡരികുകളിൽ തലങ്ങും വെലങ്ങും നിർത്തിയിട്ട വാഹനങ്ങൾ . തങ്ങളെ എവിടെയാണ് കൊണ്ടു പോകുന്നത് അവർക്ക് ഒരു എത്തും പിടിയും ഉണ്ടായിരുന്നില്ല .ഒരു സ്ഥലത്തെത്തിയപ്പോൾ വാഹാനം നിർത്തി അവിടെയാകെ ദുർഗന്ധം പരക്കുന്നു ഉണ്ടായിരുന്നു .ഒരു ചായകടയിലേക്ക് പോയി അവർ ചായകുടിക്കുന്നത് കിട്ടുവും മിട്ടുവും ശ്രദ്ധിച്ചു .അവർ വിണ്ടും യാത്ര തുടർന്നു .പിന്നിട് വാഹനം നിർത്തിയത് ,ഒരു കൂടാരത്തിൽ ആയിരുന്നു. കിട്ടുവിനും മിട്ടുവിനും അത് ഒരു സർക്കസ് കൂടാരമാണെന്ന് മനസ്സിലായി .കിട്ടു പറഞ്ഞു "മിട്ടു നമ്മുക്ക് രക്ഷപ്പെടാൻ പറ്റിയ അവസരമാണിത് ഇവർ കൂട് തുറക്കുമ്പോൾ നമ്മുക്ക് ഓടി രക്ഷപ്പെടാം".അവർ കുടു തുറക്കുമ്പോൾ കിട്ടുവും മിട്ടുവും ഓടി .അവർ ഓടി ഒരു ലോറിയിൽ കയറി. അത് പുറപ്പെട്ടു. ക്ഷീണിച്ചതു കാരണം അവർ ഉറങ്ങിപ്പോയി .ഉണരുമ്പോൾ അവർ കിങ്ങിണി കാട്ടിൽ എത്തി , അപ്പോൾ അവർ ഞെട്ടിപ്പോയി മരങ്ങൾ ഒന്നുമില്ല മരങ്ങൾ മുറിച്ചിരുന്നെങ്കിലും അവിടത്തെ ഹരിതാപ നീലനിന്നിരുന്നു .അവർക്ക് സാമാധാനാമായി .ലോറിയിൽ നിന്നും വന്ന മനുഷ്യർ മരങ്ങൾ എല്ലാം മുറിച്ചു ,മൃഗങ്ങൾ എല്ലാം കൂടി മനുഷ്യരെ ഒന്നായി ആക്രമിച്ചു.പിന്നിട് മനുഷ്യർ ആരും കിങ്ങിണി കാട്ടില്

ജയവിസ്മയ

# കേരളം



ഇന്ത്യയിലെ ഒരു കൊച്ചു കേരളമാണെന്റെ നാട്...................
പതിനാലു ജില്ലകൾ കേരളത്തിൽ......
പച്ചനിറഞ്ഞ  ഗ്രാമത്തിലൂടെ .........
പാറിക്കളിക്കുന്നു പൂമ്പാറ്റകൾ.........
പുഴകളും കായലുകളും നിറഞ്ഞ ഗ്രാമം.......
കേരളം ...............
ഇന്ത്യയിലെ പടിഞ്ഞാറെ  അറ്റമായ കേരളം.............

സഞ്ജന .എം.കെ
5:A

## കടങ്കഥ

1 കറുപ്പ് നിറം, നീണ്ട മൂക്ക് , രണ്ട് കൊമ്പുകൾ, ചൂല് പോലുള്ള വാല്, തൂണ് പോലുള്ള നാല് കാലുകൾ ആരാണ് ഞാൻ. പറയാമോ?
ഉത്തരം:ആന

2 വെള്ള നിറത്തിൽ കറുത്ത പുള്ളികൾ, വളഞ്ഞ കൊമ്പുകൾ, നാല് കാലുകൾ,പാലുതരും ആരാണ് ഞാൻ?
ഉത്തരം:പശു

3 ഞാൻ ഉരുണ്ടത്, മഞ്ഞ നിറം മധുരം ഉള്ളത്, ഉരു പലഹാരം
ഉത്തരം:ലഡു

4 എനിക്ക് പറയാൻ കഴിയും, പലനിറത്തിലുള്ള ചിറകുകൾ, പൂക്കളിലെ തേൻ കുടിക്കും
ഉത്തരം:പൂമ്പാറ്റ

ആദിഷ്ജിത്ത്



# നെൽക്കതിർ

അങ്ങേ വീട്ടിലെ അമ്മാളുവമ്മയ്ക്ക് അന്നൊരിക്കൽ ഒരു വട്ടി നിറയെ പൊൻനെല്ലുകിട്ടി. പൊൻനെല്ലുമായി വീട്ടിലെത്തിയ അമ്മാളു വലിയൊരു കൊട്ടയിൽ നെല്ലെടുത്ത് വെച്ചു. കുറേ നാൾ കഴിഞ്ഞപ്പോൾ

അമ്മാളു പൊൻനെല്ല് ഒരു മൺകലത്തിലേയ്ക്ക് മാറ്റിവെച്ചു. തിരക്കിനിടയിൽ അമ്മാളു പൊൻനെല്ലിന്റെ കാര്യം മറന്നു. ഒരു ദിവസം അമ്മാളുവിന്റെ പൊന്നുണ്ണിയുടെ പിറന്നാൾ വന്നു.

പിറന്നാളിന് അയൽപക്കത്തെ കുട്ടികൾക്കെല്ലാം പൊന്നരിപായസം വെച്ചു കൊടുക്കാൻ അമ്മാളു തീരുമാനിച്ചു.

ഉറങ്ങാൻ കിടന്ന അമ്മാളു അപ്പോഴാണ് പൊൻനെല്ലിന്റെ കാര്യമോർത്തത്.

അമ്മാളു പുതപ്പ് മാറ്റിയെഴുന്നേറ്റു. അടുക്കളയുടെ മൂലയിലെ മൺകലത്തിനടുത്തെത്തി. മൺകലത്തിനടുത്തെത്തി. മൺ കലത്തിനടുത്തെത്തിയ അമ്മാളു അമ്പരന്നു.

മൺകലം നിറയെ മുളച്ചുവരാൻ തുടങ്ങുന്ന നെൽ മണികൾ.

“അയ്യോ! ഇതെന്താ?” - അമ്പരപ്പോടെയുള്ള അമ്മാളുവിന്റെ സ്വരംകേട്ട് പൊന്നുണ്ണിയും ഉണർന്നു വന്നു. ഇതുകണ്ടു ഉണ്ണിയും കരയാൻ തുടങ്ങി.

“നാളെ എങ്ങനാ അമ്മേ പായസം വെക്കുന്നത്?” ഇതുകേട്ട നെൽചെടികൾ കളിയാക്കി ചിരിച്ചുകൊണ്ട്.

“അന്നേ നെല്ലുകുത്തി അരിയാക്കി വെച്ചാൽ പോരാരുന്നോ? ഇപ്പം കരഞ്ഞിട്ടെന്താ കാര്യം?”

ഇതുകേട്ട അമ്മാളു കണ്ണുനീർ തുടച്ച് കിടന്നുറങ്ങി. പിന്നീടൊരിക്കലും അമ്മാളുവിന് ഇത്തരം അമളി പറ്റിയിട്ടില്ല.

*Sreelakshmi*

# പയമ

ചപ്പില

പട്ട്ണിക്കഞ്ഞി

കണ്ടമാനം

കണ്ടമാല

അലോസരം

നിട്ടപ്രാണം

പൊഞ്ഞാറ്

**പിർക്ക്**




# അമലേഷ്

## പറവ

പാറി വരുന്ന പറവയെ നോക്കി പൊന്നു
പാറപ്പുറത്തിരുന്നു.പറവ അടുത്തു വന്നപ്പോഴാണ്
പൊന്നുവിന് പറവയെ നന്നായി കാണാൻ കഴിഞ്ഞത്.

പറവ പാറിവന്നു പാറപ്പുറത്തിരുന്നു.പാവ!പറവയുടെ ഒരു ചിറകൊടിഞ്ഞിരിക്കുന്നു.പൊന്നു പറവയെ പിടിച്ച് മടിയിലിരുത്തി.നേരം സന്ധ്യയാകാറായി. ആകശം ഇരുണ്ട് തുടങ്ങി.മഴ പെയ്യുമെന്ന് തോന്നുന്നു.അപ്പോഴാണ് വലിയ പുഴ കടന്ന് പവിഴത്തത്ത പറന്നെത്തിയത്.

പവിഴത്തത്തയും പറവയും കൂട്ടുകാരായിരുന്നു.ചിറകൊടിഞ്ഞ പറവയെ കണ്ടപ്പോൾ പവിഴത്തത്തക്ക് സങ്കടം വന്നു പവിഴത്തത്ത പറവയെ പൊന്നുവിൻെ കയ്യിൽ നിന്ന് പൊക്കിയെടുത്തു.പറവയുടെ ചിറകിന് നല്ല വേദനയുണ്ടായിരുന്നു പവിഴത്തത്ത പറവയെ അടുത്ത് കണ്ടകൊച്ചു വാഴയുടെ ചോട്ടിലിരുത്തി.വലിയ പുഴയിൽ നിന്ന് കൊക്കിൽ വെള്ളവുമയി തിരിച്ചെത്തി.വെള്ള ദാഹം മാറ്റിയ പറവയേയും കൊണ്ട് പവിഴത്തത്ത വലിയ പുഴകടന്ന് കനകമലയിലെത്തി.

കനകമലയിലെ വലിയ മരത്തിന്റെ കൊമ്പിലാണ് പവിഴത്തത്ത പറവയെ കൂട്ടിലിരുത്തി ശുശ്രൂഷിച്ചു.

കിറെനാൾ മുളച്ചു .പറവ പവിഴത്തത്തയോട് നന്ദി പറഞ്ഞു. പറമ്പിക്കുളത്തെ  കൊച്ചു വീട്ടിലെത്തി. എന്നും കെച്ചുപറവ പവിഴത്തത്തയെ കുറിച്ച് ൾ കഴിഞ്ഞപ്പോൾ കൊച്ചു പറവക്ക്   കുഞ്ഞിചിറകുകഓർക്കുമായിരുന്നു.

# കൃഷി പഴഞ്ചൊല്ല്

1 വിത്തു ഗുണം പത്തുഗുണം
(മുകളിൽ പൈതൃകത്തിന്റെ ഗുണങ്ങൾ ഉണ്ടാകും)

2 വിതച്ചത് കൊയ്യും
(നമ്മുടെ പ്രവർത്തികൾക്ക് അനുസരിച്ചുള്ള ഫലമേലഭിക്കു)

3 മുളയിലറിയാം വിള
(ഭാവിയിൽ എന്താവും എന്നത് തുടക്കത്തിൽ അറിയാൻ പറ്റും)

4 വളമേറിയാൽ കൂമ്പടയ്ക്കും
(അമിതമായാൽ എന്തും ദൂഷ്യം ചെയ്യും)

5 വേലിതന്നെ വിളവുതിന്നുക
(സംരക്ഷിക്കേണ്ടവർ തന്നെ ചൂഷണം ചെയ്യുക)

അക്ഷര
7B

# പിറന്നാൾ സമ്മാനം

'നാളെ അനിയത്തിയുടെ പിറന്നാളാണ്.പിറന്നാൾ സമ്മാനമായി അവൾക്കെന്തു കൊടുക്കും?
എന്തെങ്കിലും വാങ്ങിക്കൊടുക്കാമെന്നുവച്ചാൽ കൈയിൽ പണമില്ല. പണമില്ലാതെ നരകിക്കുന്ന
അച്ചനോട്പണം ചോദിക്കാനും വയ്യ...', ചിന്നു ചിന്തിച്ചു.

അപ്പോളാണ് അവൾ പൂന്തോട്ടത്തിൽ നിന്ന് തന്നെ നോക്കിച്ചിരിക്കുന്ന റോസാപ്പൂവിനെ
ശ്രദ്ധിച്ചത്. ഹയ്യട, ആ പൂ പറിച്ചുകൊടുക്കാം!', അവൾ തീരുമാനിച്ചു. പക്ഷേ, അതിറുക്കാൻ
ചെന്നപ്പോൾ പൂവ് കരയാൻ തുടങ്ങി: അയ്യോ, എന്നെയിറുക്കല്ലെ...എനിക്കു വേദനിക്കും!

അതുകേട്ട് സങ്കടം തോന്നിയ ചിന്നു തിരിഞ്ഞുനടന്നു: ഈ പൂവിനെ വേദനിച്ചിട്ട് അനിയത്തിയെ
സന്തോഷിപ്പിക്കണ്ട!

പിറ്റേന്ന് അതിനേക്കാൾ നല്ല ഒരു സ്നേഹസമ്മാനം ചിന്നു അനിയത്തിക്ക് കൊടുത്തു ഒരു ചക്കരയുമ്മ!

Soorya.k

***9.b***

## പുത്തനോണപ്പാട്ട്

വിദ്ധ്യാവലീ...സഖീ...കണ്ടുവോ നമ്മുടെ
കേരളം,വശ്യസുന്ദരം,മനോഹരം
പ്രിയപത്നിയോടായ് മാവേലി മന്നന്റെ
പ്രണയാർദ്ര മധുവചനമന്ത്രം
കേവലൻമാരെന്തു ചൊൽകിലും-മാമല
നാടാണ് വിശേഷോത്തരം,പ്രിയേ
കേൾക്കുമപഖ്യാതിയേക്കാളു
മെത്രയോ സത്യമാണിവിടത്തെ നൻമണ്ടോതി ദേവിയാ നൻമ
ആർപ്പു വിളികളും പാട്ടു കളികളും
പൂക്കുന്നൊരോണ വൃത്താന്തരം
ഓണത്തപ്പന്റെ പ്രിയ തോഴി പാടീ
ഐശ്വര്യ കേരള സ്നേഹസങ്കീർത്തനം!

ഉപ്പേരി,ശർക്കര,പാലട,ഘോഷങ്ങളെ
ട്ടുക്കുട്ടും വട്ടവൊരു രസിക്കിലും
ആയിരം കറിയെന്നൊരിഞ്ചിക്കറിയുടെ
വൈഭവ തുല്യമാ സ്വാദുമാത്രം
മൂലോകവും കണ്ടു കണ്ടങ്ങിരിക്കിലും
മാവേലി നാടിന്റെ ഭംഗിവേറെ.

**കൈതപ്രം**

# പ്രാദേശിക ഭാഷഭേദം

ഒററ്-ഉററവ.

ഓററ്-അവർ/അദ്ധേഹം.

ഏട-എവിടെ.

ഈട-ഇവിടെ.

ആടെ-അവിടെ.

**ഇപ്പ്യ-ഇവർ.**

**എടങ്ങേററ്-വിഷമം.**

# മൂങ്ങ വന്നു

മാവിലെ മൂങ്ങ
മൂന്നാല് മൂങ്ങ
മൂവന്തിനേരം
മൂമൂ  മൂളി
മൂളുന്ന നേരം
വവ്വാല് വന്ന
**കൊമ്പത്തിരുന്ന്  ഊഞ്ഞാലാടി**

# ചിത്രശലഭം

വർണ്ണച്ചിറകുള്ള പൂമ്പാറ്റ

പാറിക്കളിക്കും പൂമ്പാറ്റ

പൂന്തേനണ്ണും പൂമ്പാറ്റ

പൂവിതളി പൂമ്പാറ്റ

പൂവിരിരുന്ന പൂമ്പാറ്റ

**പൂങ്കരളായി പൂമ്പാറ്റ**

**ആരതി**

**1 A**

# പൂച്ച



പൂച്ചയെ വീട്ടിൽ വളർത്തും
പൂച്ചയ്ക്ക് ചെവികളുണ്ട്
പൂച്ചയ്ക്ക് നാലുകാലുകളുണ്ട്
പൂച്ച പാലു കുടിക്കും
പൂച്ച മീൻ തിന്നും
പൂച്ച എലിയെ പിടിക്കും .

തേജ .കെ

2.ബി



# കർണ്ണൻ - ആസ്വാദനം

കർണഭൂഷണം-ഉള്ളൂർ.എസ്.പരമേശ്വരയ്യർ

ഈ കവിതയിൽ കവി കർണന്റെ ജന്മത്തെ പരിപോഷിപ്പിച്ചിരിക്കുന്നു. കർണൻ രാധേയനല്ല , അധിരഥ പുത്രനല്ല,സൂതകുലത്തിൽ ജനിച്ചോനല്ല. കശ്യപിയായ സൂര്യൻ പറയുന്നു. പാണ്ഡവരുടെ മാതാവായ കുന്തി ദേവിയാണ് നിന്റെ മാതാവ് എന്ന സത്യവും മനസ്സിലാക്കിക്കൊടുത്തു. കർണൻ കശ്യപിസൂതജനാണെന്നും,കന്യകയായ കുന്തി താപസമന്ത്രത്തിന്റെ പരീക്ഷയിൽപ്പെട്ട് തന്റെ കാന്തനായി എന്നെ സ്വീകരിച്ച് നിനക്ക് ജന്മം നൽകിയെന്നും, പെറ്റൊരു മാത്രയിൽ പേടിച്ചും നാണിച്ചും കാനീനനായ നിന്നെ-അശ്രു നദിയിലും, പുണ്യനദികളിലും ഒഴുക്കി വിട്ടും, നീ ഒഴുകി രാധയുടെ കൈയ്യിൽ എത്തിച്ചേരുന്നതും കണ്ടു നിൽക്കേണ്ടി വന്നവൻ ഞാൻ! സ്വർഗ്ഗീയ പുഷ്പമായ പാരിജാതത്തെ കാലിക്കുളമ്പു ചാലിൽ പെറ്റിടുന്നുവോ ?

അതിനാൽ എന്റെ പുത്രാ നിന്റെ മാതാവ് കുന്തിയാണ്. നീ പാണ്ഡവരുടെ ജേഷ്ഠനാണ്.

ഈ സന്ദർഭങ്ങളാണ് കവി ഈ കൃതിയിലൂടെ വായനക്കാർക്ക് പകർന്ന് നൽകുന്നത്.

വൈദേഹി

3 A


ദേവികൃഷ്ണ
IA

# ആശംസകളോടെ

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




ഡിജിറ്റൽ മാഗസിൻ


Thank You!

